**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1815** — **02-02-2024 - ൽ മറുപടിയ്ക്ക്**

**എൽഡർ ലൈൻ ടോൾ ഫ്രീ നമ്പർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | എൽഡർ ലൈൻ ടോൾ ഫ്രീ നമ്പരായ 14567-ൽ നിന്നും സേവനങ്ങൾ ലഭ്യമാകുന്നത് സംബന്ധിച്ച് മുതിർന്ന പൗരൻമാരിൽ അവബോധം സൃഷ്ടിക്കുന്നതിനും, അറിയിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | എൽഡർ ലൈൻ മുഖേന മുതിർന്ന പൗരന്മാർക്ക് ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച് പത്രം, ടെലിവിഷൻ, റേഡിയോ എന്നിവ മുഖാന്തിരം അറിയിപ്പുകൾ നൽകി വരുന്നുണ്ട്. കൂടാതെ എൽഡർ ലൈൻ ജീവനക്കാർ എല്ലാ ജില്ലകളിലും അവബോധ ക്ലാസുകൾ, സമൂഹ യോഗങ്ങൾ എന്നിവ സംഘടിപ്പിക്കുകയും പോലീസ് സ്റ്റേഷനുകൾ, ആശുപത്രികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉൾപ്പടെ പൊതുജന ശ്രദ്ധ ലഭിക്കുന്ന ഇടങ്ങളിൽ എൽഡർ ലൈൻ പോസ്റ്ററുകൾ പതിക്കുകയും ചെയ്ത് വരുന്നുണ്ട്. അതോടൊപ്പം KSRTC യുടെ ഓർഡിനറി ബസുകളിൽ എൽഡർ ലൈൻ സ്റ്റിക്കറുകൾ പതിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനത്തിലൂടെ നിലവിൽ എത്ര പരാതികൾ ലഭ്യമായിട്ടുണ്ട്; എത്ര എണ്ണത്തിന് പരിഹാരം കാണാനായിട്ടുണ്ട്? | (ബി) | എൽഡർ ലൈനിൽ പരാതികൾ ടെലഫോൺ മുഖേനയാണ് സ്വീകരിക്കുന്നത്. നാളിതുവരെ 82,000 കാളുകൾ ലഭ്യമായിട്ടുണ്ട്, ഇതിൽ നേരിട്ടുള്ള ഇടപെടലുകൾ ആവശ്യമായ 2841 കാളുകൾക്ക് ഫീൽഡ് തല ഇടപെടലുകൾ നടത്തുകയും, അവയിൽ 2779 ആവശ്യങ്ങൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് കാളുകൾ പ്രധാനമായും പെൻഷൻ, വയോജനങ്ങൾക്കായുള്ള സർക്കാർ പദ്ധതികൾ, വൃദ്ധ സദനങ്ങൾ, MWPSC Act-2007 മുതലായവയെ കുറിച്ചുള്ള വിവരങ്ങൾക്കും, മാനസിക പിന്തുണക്കുമായാണ് വിളിച്ചിട്ടുള്ളത്. ഇതിനെല്ലാം ആവശ്യമായ വിവരങ്ങളും, മാനസിക പിന്തുണയും അതത് സമയങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ